# ഗാന്ധിസം

പാരെങ്ങും ഗാഢംനിദ്ര-
പൂകിയ പാതിരാവിൽ
സ്വാതന്ത്ര്യ പ്രഭാകര-
നുദിച്ചു പണ്ടിന്ത്യയിൽ!

ചൂടപ്പമധികാരം
ഭുജിക്കാനാർത്തരായോർ-
ക്കിടയിൽ നിന്നുംവഴി-
പിരിഞ്ഞൂ അന്നേഗാന്ധി!

മതാന്ധ്യം രണംതീർത്ത
ബംഗാളിതെരുവിലൂ-
ടുമിത്തീ ഹൃത്തിലേറ്റി-
യലഞ്ഞു മഹാത്മജി!

സഹനോത്സുകനല്ലോ
അഹിംസാ പ്രവാചകൻ!
വീണത പ്രഭാവത്തിൽ
സാമ്രാജ്യ പാരതന്ത്ര്യം!

ആദരവേകിലൊട്ടു-
മാവൃദ്ധനെഞ്ചകത്തിൽ
തീയുണ്ട നിറച്ചെത്ര
കൃതഘ്നർ നാമിന്ത്യക്കാർ!

പൊയ്ഗാന്ധിക്കോലംകെട്ടി-
യെത്രപേർ ഭരിച്ചിന്ത്യ!
മിണ്ടിയില്ലാരും പക്ഷേ
ഗാന്ധിസം പിന്നെയൊട്ടും!

*downloaded from [www.abdulgafoor.com](http://www.abdulgafoor.com)*